ഉത്തരം

(എ) ഉണ്ട്. വാണിയംകുളം ഒന്നും രണ്ടും വില്ലേജുകൾക്കുവേണ്ടി ഒരു ശുദ്ധജലവിതരണ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

(ബി) 361 ലക്ഷം രൂപ.

(സി)&(ഡി) 100 % കേന്ദ്ര സഹായത്തോടെയുള്ള ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയാണിത്. എസ്റ്റിമേറ്റ് അനുസരിച്ചുള്ള മുഴുവൻ തുകയും കേന്ദ്രസഹായമായി ലഭിക്കും. ഇതിലധികം ചെലവാകുന്ന തുക സംസ്ഥാന സർക്കാർ വഹിക്കണം. ഈ പദ്ധതി പൂർത്തിയാകുമ്പോൾ ഏക ദേശം 39000 ആളുകൾക്ക് പ്രയോജനം ലഭിക്കും.

(ഇ) പദ്ധതിക്ക് എ.ആർ.പി. സാംഗ്ഷനിംഗ് കമ്മിറ്റിയുടെ അംഗീ കാരം ലഭിച്ചിട്ടുണ്ട്. ഭരണാനുമതിക്ക് ശേഷം പഞ്ചായത്ത് സ്ഥലം ലഭ്യമാക്കു ന്നതിനനുസരിച്ച് പണി തുടങ്ങാൻ കഴിയും.

(1829) അനങ്ങനടി, തൃക്കിടിരി പഞ്ചായത്തുകളിലെ കുടിനീർ

ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേച നവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ അനങ്ങനടി, തൃക്കിടിരി എന്നീ പഞ്ചായത്തുകളിലെ ശുദ്ധജലവിതരണത്തിനായി ഏതെങ്കിലും പദ്ധതി കൾ നിലവിലുണ്ടോ;

(ബി) ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന ഈ പ്രദേശത്തെ കുടിനീർക്ഷാമം പരിഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തെരുവക്കോണം ബോർവെൽ പദ്ധതി(II) പാവുക്കോണം ബോർവെൽ പദ്ധതി (III) ചാത്തൻകുളം ബോർവെൽ പദ്ധതി(IV) ആർ. ഡബ്ല്യൂ.എസ്.എസ്. അനങ്ങനടി എന്നീ പദ്ധതികൾ നിലവിലുണ്ട്. തൃക്കിടിരി എന്ന പേരിൽ ഒരു ശുദ്ധജല പദ്ധതിയും നിലവിലുണ്ട്. ഇവയ്ക്കുപുറമേ കേന്ദ്ര ഗവണ്മെന്റ് ത്വരിതഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി പ്രകാരം ചെർപ്പുളശ്ശേരിക്കും പരിസരഗ്രാമങ്ങൾക്കും വേണ്ടിയുള്ള ഒരു ബൃഹദ്പദ്ധ തിക്ക് രൂപം നൽകി വരുന്നു.

(1833) താനൂർ, തിരൂരങ്ങാടി എന്നിവിടങ്ങളിലെ കുടിവെള്ള ക്ഷാമം

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേച നവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ, തിരൂരങ്ങാടി നിയോജകമണ്ഡലങ്ങളിലെ കുടിവെ ള്ളക്ഷാമം പരിഹരിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഓരോ പദ്ധതിയും ഏതൊക്കെ ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതികൾ എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയും;

(ഡി) പുതുതായി ഏതെങ്കിലും പദ്ധതികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) താനൂരിൽ എ.ആർ.ഡബ്ല്യൂ.എസ്. എസ് നന്നമ്പ്ര എന്ന പദ്ധതി നിലവിലുണ്ട്.

തിരൂരങ്ങാടിയിൽ-

1. ആർ. ഡബ്ല്യൂ.എസ്.എസ്. തിരൂരങ്ങാടി, പരപ്പനങ്ങാടി, വള്ളിക്കുന്ന്.
2. എ.ആർ.ഡബ്ല്യൂ.എസ്.എസ്.ഐ.ആർ നഗർ
3. എ.ആർ.ഡബ്ല്യൂ.എസ്.എസ്. മുന്നിയൂർ, തേഞ്ഞിപ്പാലം, പെരുവള്ളൂർ വില്ലേജുകൾ എന്നീ പദ്ധതികളും നിലവിലുണ്ട്.

(ബി) മേൽപ്പറഞ്ഞ എല്ലാ പദ്ധതികളും പൂർത്തീകരിച്ചതാണ്.

(സി) ഉദിക്കുന്നില്ല.

(ഡി) ഉണ്ട്.

(ഇ) താനൂർ നിയോജകമണ്ഡലത്തിലെ പരിയാപുരം, ഒഴൂർ, താനൂർ, നിറമരത്തൂർ, തണലൂർ എന്നീ വില്ലേജുകൾ പുറത്തൂരിനും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതിയിൽ ഉൾപ്പെടുന്നു. പ്രസ്തുത പദ്ധതിയുടെ സർവ്വേ വർക്കുകളും ഡിസൈൻ വർക്കുകളും പൂർത്തിയാക്കിയിട്ടുണ്ട്. വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. തെന്മല, പെരുമണ്ണ, നന്നമ്പ്ര എന്നീ വില്ലേജുകൾ നന്നമ്പ്രയ്ക്ക് സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുന്നു. പ്രസ്തുത പദ്ധതിയുടെ സർവ്വേ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് അടുത്ത വർഷത്തെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പൊൻമുണ്ടം വില്ലേജ് തിരുനാവായ്ക്കും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ നാലാമത്തെ ഘട്ടത്തിൽ ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ഈ ഘട്ടം കേന്ദ്ര ഗവണ്മെന്റിന്റെ ധനസഹായത്തിന് അർഹമല്ലാത്തതിനാൽ എൽ.ഐ.സി. യുടെ ധനസഹായത്താൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഈ ഘട്ടത്തിന്റെ വിശദമായ സർവ്വേ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ വള്ളിക്കുന്ന്, അരിയല്ലൂർ എന്നീ വില്ലേജുകൾക്ക് പ്രയോജനം ലഭിക്കത്തക്ക വിധത്തിലുള്ള ഒരു ശുദ്ധജലവിതരണ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ സ്രോതസ്സ് കടലുണ്ടി പുഴയാണ്.

ഈ പദ്ധതിയുടെ സർവ്വേജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഉറവിടത്തിന്റെ പര്യാപ്തതയെക്കുറിച്ച് പഠനം നടത്തിക്കൊണ്ടിരിക്കുന്നു. തിരൂരങ്ങാ

LIBRARY ARCHIVES Kerala Legislative Assembly

ടി, എ.ആർ.നഗർ എന്നീ വില്ലേജുകൾ നന്നമ്പ്രയ്ക്കും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയിൽ ഉൾപ്പെടുന്നു.

(1834) പൊച്ചക്കുന്നം വാട്ടർ സപ്ലൈ സ്കീം

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴക്കമ്പലം പഞ്ചായത്തിലെ പൊച്ചക്കുന്നം വാട്ടർ സപ്ലൈ സ്കീമിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയിൽകൂടി കുടിവെള്ളം നൽകാൻ കഴിയാത്ത സ്ഥിതിയാണുള്ളത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 4 വർഷത്തിലേറെക്കാലമായി കോടികൾ ചെലവഴിച്ച് പൂർത്തീകരിച്ച ഈ പദ്ധതിയുടെ പരാജയം കണക്കിലെടുത്ത് പ്രസ്തുത പദ്ധതി ഉപേക്ഷിക്കപ്പെട്ട പദ്ധതിയായി അംഗീകരിച്ചു മറ്റൊരു പദ്ധതിക്ക് രൂപം കൊടുക്കുമോ?

ഉത്തരം

(എ) പൊച്ചക്കുന്നത്തുള്ള ഉന്നതതല ജലസംഭരണിയിൽ നിന്നും വെള്ളം വിതരണ ശൃംഖലയിലേക്ക് തുറന്നുവിടുമ്പോൾ 600 എം.എം. എ.സി. പൈപ്പുകൾ പൊട്ടുന്നതുകൊണ്ട് വിതരണ ശൃംഖലയിലേക്ക് ജലം കടത്തിവിട്ടു പദ്ധതി ഉപയോഗപ്രദമാക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) ഉണ്ട്.

(സി) പൈപ്പു പൊട്ടുന്നതിനെപ്പറ്റിയും, ഈ പദ്ധതി എങ്ങനെ പൂർണ്ണമായി കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നതിനെക്കുറിച്ചും ഐ.പി.ഡി. ചീഫ് എഞ്ചിനീയറിൽ നിന്നും വിശദമായ പഠനറിപ്പോർട്ട് ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതു പരിശോധിച്ചു വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(1835) കോന്നിത്താഴം വാട്ടർ സപ്ലൈ സ്കീമിന്റെ അംഗീകാരത്തിനുള്ള നടപടി

ശ്രീ. അടൂർപ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിലെ കോന്നിത്താഴം വാട്ടർ സപ്ലൈ സ്കീമിന്റെ അംഗീകാരത്തിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിക്കായി ഏതെങ്കിലും ധനകാര്യസ്ഥാപനത്തിന്റെ സഹായത്തിനായി അഭ്യർത്ഥിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരുടെയെങ്കിലും സഹായാനുമതി ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) എന്ത് തുകയ്ക്കുള്ള പ്രോജക്ടാണ് തയ്യാറാക്കിയിരിക്കുന്നതെന്നും എന്നത്തേക്ക് ഈ പദ്ധതിയുടെ പണി ആരംഭിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly